©
കേരള സർക്കാർ
Government of Kerala
2025

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 14
Vol. XIV

തിരുവനന്തപുരം,
വെള്ളി
Thiruvananthapuram,
Friday

2025 ഒക്ടോബർ 03
03rd October 2025
1201 കന്നി 17
17th Kanni 1201
1947 ആശ്വിനം 11
11th Aswina 1947

നമ്പർ
No.
3499

കളക്ടറേറ്റ്, എറണാകുളം

[കേരളാ സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം, 2007, വകുപ്പ് 6(1)(b)]

(ഹാജർ: പ്രിയങ്ക ജി., ഐ.എ.എസ്., ജില്ലാ മജിസ്ട്രേറ്റ്, എറണാകുളം.)

ഉത്തരവ്

DCEKM./8590/2025-M7 28.09.2025

എറണാകുളം ജില്ല, കൊച്ചി താലൂക്കിൽ, ഞാറയ്ക്കൽ വില്ലേജിൽ, വൈപ്പിൻ കരയിൽ, കിഴക്കേ അപ്പങ്ങാട് ഭാഗം, നടീത്തറ വീട്ടിൽ, സോമശേഖരൻ മകൻ 43 വയസ്സുള്ള സോമരാ**ജ് പേർക്ക്,**

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

താങ്കൾ 2019 **കാലയളവ് മുതല് കൊച്ചി സിറ്റിയിലെ ഹിൽപാലസ്, ഇൻഫോപാർക്ക്, പള്ളൂരുത്തി, കടവന്ത്ര, തൃക്കാക്കര, മരട്, എറണാകുളം റൂറൽ പോലീസ് ജില്ലയുടെ അധികാരപരിധിയില് വരുന്ന കുന്നത്തുനാട്, ഞാറയ്ക്കൽ കൂടാതെ ആലപ്പുഴ ജില്ലയിലെ അരൂർ എന്നീ പോലീസ് സ്റ്റേഷനുകളുടെ അധികാരപരിധിയില് വരുന്ന പ്രദേശങ്ങളിൽ നിയമവാഴ്ചക്ക് യാതൊരു വിലയും കല്പിക്കാതെ പൊതുജനങ്ങളിൽ ഭയപ്പാട് സൃഷ്ടിച്ചുകൊണ്ട് അവരുടെ സമാധാന ജീവിതത്തിന് ഭംഗം വരുത്തുന്ന രീതിയിൽ ദേഹോപദ്രവം ഏല്പിച്ചുകൊണ്ടുള്ള കവർച്ച, കവർച്ച, മോഷണം, പിടിച്ചുപറി തുടങ്ങി ഇൻഡ്യന് ശിക്ഷാനിയമത്തിലെ/ഭാരതീയ ന്യായസംഹിതയിലെ വിവിധ വകുപ്പുകൾ പ്രകാരമുള്ള** 7 (ഏഴ്) **ഓളം കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട് പൊതുജന സമാധാനലംഘന പ്രവർത്തനങ്ങള് നടത്തി വരികയാണെന്നും, പൊതുജന സമാധാനത്തിന് വിഘ്നം വരുത്തി കൊണ്ട് തുടർച്ചയായി കുറ്റകൃത്യങ്ങളില് ഏർപ്പെട്ട് വരുന്ന താങ്കളുടെ** പ്രവർത്തനങ്ങളെ സ്ഥിരമായി നിരീക്ഷിക്കുന്നതിന് എറണാകുളം റൂറൽ ജില്ലാ പോലീസ് മേധാവിയുടെ No.20/HS/DCRB-21-ER Dt d 18.08.2021 പ്രകാരം **സസ്പെക്ട്റ്റ് ഹിസ്റ്ററി ഷീറ്റ്** ഓപ്പണ് ചെയ്ത് എറണാകുളം റൂറൽ പോലീസ് ജില്ലയില് താങ്കളുടെ നടപ്പുവ്യവസ്ഥ പരിശോധിച്ച് വരവെ ടി കാലയളവില് 3 ഓളം കുറ്റകൃത്യങ്ങളില് കൂടി ഏർപ്പെട്ട് താങ്കള് നിയമവ്യവസ്ഥയെ വെല്ലുവിളിച്ചിരിക്കുകയുമാണെന്നും, താങ്കൾക്കെതിരെ **തൃക്കാക്കര പോലീസ് സ്റ്റേഷനിൽ നിന്നും** 17.06.2025 **തീയ്യതി** 126 BNSS **പ്രകാരം റിപ്പോർട്ട് തയ്യാറാക്കി ഫോർട്ട് കൊച്ചി സബ്ബ് ഡിവിഷണല് മജിസ്ട്രേറ്റ് കോടതിയിൽ സമർപ്പിച്ച് ആയത്** MC 590/25 **നമ്പറായി വിചാരണയിലിരുന്ന് വരുന്നതാണെന്നും, താങ്കൾക്കെതിരെയുള്ള കേസ്സുകളിൽ വ്യവസ്ഥകള് പ്രകാരം ജാമ്യം നേടിയതിന് ശേഷം ആയതിന് യാതൊരു വിലയും കല്പിക്കാതെ നിരന്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട് നിയമവ്യവസ്ഥയെ വെല്ലുവിളിക്കയാലും,** 2019, 2020, 2021, 2025 **എന്നീ കാലയളവുകളിലായി** 11 **ഓളം കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ട് പൊതുജനസമാധാനത്തിന് വിഘ്നം വരുത്തി വരുകയാലും, ബഹു: കോടതി** 4 **തവണ ശിക്ഷിച്ചിട്ടും യാതൊരുവിധ പുനർ വിചിന്തനത്തിന് വിധേയനാകാതെ തുടർന്നും കുറ്റകൃത്യങ്ങളിലേർപ്പെട്ട് വരുകയാലും,** താങ്കളെ തുടർകുറ്റകൃത്യങ്ങളില് നിന്ന് തടയുന്നതിന് 2007-ലെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ(തടയൽ) നിയമത്തിലെ 15(1) വകുപ്പ് പ്രകാരമുള്ള നടപടികളോ 126 BNSS പ്രകാരമുള്ള സാധാരണ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

നടപടിക്രമമോ പര്യാപ്തമല്ലായെന്നും താങ്കളെ തുടർകുറ്റകൃത്യങ്ങളില് നിന്ന് തടഞ്ഞ് നാട്ടിൽ പൊതുജന സമാധാനം കാത്ത് സൂക്ഷിക്കുന്നതിന് 2007-ലെ കേരള സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങള് (തടയൽ) നിയമത്തിലെ സെക്ഷൻ 3(1) പ്രകാരമുള്ള നടപടിക്ക് വിധേയനാക്കിയാൽ മാത്രമെ താങ്കളുടെ പൊതുജനസമാധാനലംഘന പ്രവർത്തനങ്ങളും, അക്രമ പ്രവർത്തനങ്ങൾക്കും തടയിടാന് സാധിക്കുകയുള്ളു എന്നും കൊച്ചി സിറ്റി ലോ & ഓർഡർ ഡെപ്യൂട്ടി പോലീസ് കമ്മീഷണർ റിപ്പോർട്ട് ചെയ്തിരുന്നു. കൊച്ചി സിറ്റി ലോ & ഓർഡർ ഡെപ്യൂട്ടി പോലീസ് കമ്മീഷണർ സമർപ്പിച്ച ശുപാർശ റിപ്പോർട്ട്, അനുബന്ധമായി ചേർത്തിരുന്ന കേസ് റെക്കോർഡുകൾ എന്നിവ വിശദമായി പരിശോധിച്ചതിൽ നിന്നും താങ്കൾ “അറിയപ്പെടുന്ന റൗഡി” എന്ന ഗണത്തിൽ പെടുന്നുവെന്നും, താങ്കൾ വീണ്ടും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുമെന്നും, താങ്കളുടെ സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിന് മറ്റിതര മാർഗ്ഗങ്ങൾ ഇല്ലായെന്നും എനിക്ക് വസ്തുനിഷ്ഠമായും, ആത്മനിഷ്ഠമായും ബോദ്ധ്യം വന്നതിന്റെ അടിസ്ഥാനത്തിൽ പൊതുതാല്പര്യവും, പ്രദേശത്തെ പൊതുജനങ്ങളുടെ സമാധാന ജീവിതവും കണക്കിലെടുത്ത് താങ്കളെ 2007 ലെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം, വകുപ്പ് 3(1) പ്രകാരം അടിയന്തിരമായി കരുതൽ തടങ്കലിൽ പാർപ്പിക്കുവാൻ ഉത്തരവ് നമ്പർ: ഡി.സി.ഇ.കെ.എം/8590/2025/എം7 തീയതി: 04.08.2025 പ്രകാരം എറണാകുളം ജില്ലാ മജിസ്ട്രേറ്റ് കരുതൽ തടങ്കൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. പ്രസ്തുത ഉത്തരവ് നടപ്പിലാക്കുവാൻ 04.08.2025 തീയതി തന്നെ ഡെപ്യൂട്ടി പോലീസ് കമ്മീഷണറെ ചുമതലപ്പെടുത്തിയിരുന്നതുമാണ്. കരുതൽ തടങ്കലിന് വിധിക്കപ്പെട്ടിട്ടുള്ള താങ്കളെ അറസ്റ്റ് ചെയ്ത് തടങ്കൽ ഉത്തരവ് നടപ്പിലാക്കുവാൻ സാധ്യമായ എല്ലാ ശ്രമങ്ങളും പോലീസ് നടത്തിയെന്നും, എന്നാൽ താങ്കളെ അറസ്റ്റ് ചെയ്ത് കരുതൽ തടങ്കൽ ഉത്തരവ് നടപ്പിലാക്കുവാൻ സാധിക്കാത്തവിധം താങ്കൾ ഒളിവിൽ പോയിട്ടുള്ളതാണെന്നും, ആയതിനാൽ KAAPA നിയമത്തിലെ വകുപ്പ് 6(1)(a)(b) പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കണമെന്നും അപേക്ഷിച്ച് കൊച്ചി സിറ്റി ലോ & ഓർഡർ ഡെപ്യൂട്ടി പോലീസ് കമ്മീഷണർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ടി റിപ്പോർട്ട് പരിശോധിച്ചതിൽനിന്നും കരുതൽ തടങ്കൽ ഉത്തരവ് നടപ്പിലാക്കുവാൻ സാധിക്കാത്തവിധം താങ്കൾ ഒളിവിൽ പോയിട്ടുള്ളതാണെന്ന് എനിക്ക് ബോദ്ധ്യപ്പെട്ടു. ആയതിനാൽ ഈ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഉത്തരവ് വിജ്ഞാപനം ചെയ്ത് 7 ദിവസത്തിനകം താങ്കൾ തൃക്കാക്കര പോലീസ് സ്റ്റേഷൻ ഇൻസ്പെക്ടർ & സ്റ്റേഷൻ ഹൗസ് ഓഫീസർ മുമ്പാകെ നേരിട്ട് ഹാജരാകണമെന്ന് 2007 ലെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം, വകുപ്പ് 6(1)(b) പ്രകാരം ഇതിനാൽ ഉത്തരവാകുന്നു. അല്ലാത്ത പക്ഷം താങ്കൾക്കെതിരെ 2007 ലെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമം, വകുപ്പ് 6(3) പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

Sd/-

പ്രിയങ്ക ജി., ഐ.എ.എസ്.
ജില്ലാ മജിസ്ട്രേറ്റ്, എറണാകുളം

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2025

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2025.10.03 03:17:10 +05:30